ഉത്തരം

(എ-സി) 14-2-1990-ൽ സാമൂഹ്യനീതിവകുപ്പിൽ CDPO ആയി സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി ജോളി. കെ. ജോർജ്ജ് എന്ന ഒരു ജീവനക്കാരി ഉണ്ടായിരുന്നതായി കാണുന്നില്ല. എന്നാൽ 14-2-1990-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ഡോളി. കെ. ജോർജ്ജ് 30-11-2013-ന് ശിശുവികസന പദ്ധതി ഓഫീസറായി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 23-3-2015-ൽ ടിയാൾ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. ടിയാളുടെ ഗ്രേഡ് അനുവദിക്കണമെന്ന 22-4-2014-ലെ അപേക്ഷയിന്മേൽ സാമൂഹ്യനീതി ഡയറക്ടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

കണ്ണൂർ ജില്ലയിൽ പുതുതായി അനുവദിച്ച അംഗൻവാടികൾ

258 (4302) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിൽ എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) പുതുതായി അംഗൻവാടികൾ അനുവദിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിൽ പുതുതായി അങ്കണവാടികൾ അനുവദിച്ചിട്ടില്ല.

(ബി) പുതുതായി അങ്കണവാടികൾ അനുവദിക്കാനുള്ള 11 പ്രൊപ്പോസലുകൾ പരിഗണനയിലുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

സ്വകാര്യ ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം

259 (4303) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത ധാരാളം ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം അറിയാമോ ;

(ബി) പല സ്വകാര്യ ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ലെന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം ഹോസ്റ്റലുകൾ അന്തേവാസികളെ പ്രത്യേകിച്ച് സ്ത്രീകളെ ചൂഷണം ചെയ്യും വിവിധ നിരക്കിലുള്ള വാടക ഈടാക്കിയും ബുദ്ധിമുട്ടിക്കാറുണ്ടെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വകാര്യ ഹോസ്റ്റലുകൾക്കെതിരെ പരാതിപ്പെടുന്ന അന്തേവാസികളെ പുറത്താക്കുന്ന സമീപനം പല ഹോസ്റ്റലുകളും സ്വീകരിക്കുന്നതിനാൽ പരാതിക്കാർക്ക് സംരക്ഷണം ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം ഹോസ്റ്റലുകളെ നിയന്ത്രിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടില്ല.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

ജെൻഡർ പോളിസി

260 (4304) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജെൻഡർ പോളിസി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ നയം നടപ്പാക്കുന്നതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സ്ത്രീ സമത്വ ശാക്തീകരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത നയം നടപ്പാക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly